ഗാർഹിക ഉപഭോക്താക്കളുടെ വൈദ്യുതി ചാർജ്ജ്

125 (895) ശ്രീ. പി. ജെ. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ഗാർഹികവൈദ്യുതി ഉപഭോക്താക്കളിൽ നിന്നും ഒരു യൂണിറ്റ് വൈദ്യുതിക്ക് ഈടാക്കിയിരുന്ന ചാർജ്ജ് എത്രയായിരുന്നു ;

(ബി) ഇപ്പോൾ ഗാർഹിക ഉപഭോക്താക്കളിൽ നിന്നും ഒരു യൂണിറ്റ് വൈദ്യുതിക്ക് ഈടാക്കുന്ന ചാർജ്ജ് എത്രയെന്ന് വെളിപ്പെടുത്തുമോ ;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്നതിന് മുമ്പ് വരെ ഗാർഹിക ഉപഭോക്താക്കൾ ഉപയോഗിക്കുന്ന വൈദ്യുതിയുടെ ഒരു മാസത്തെ വീതം ചാർജ്ജ് ഈടാക്കുന്ന വ്യവസ്ഥയാണോ നിലനിന്നിരുന്നത് ;

(ഡി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഈ വ്യവസ്ഥയ്ക്ക് എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ ;

(ഇ) ഇപ്പോൾ ഗാർഹിക ഉപഭോക്താക്കൾ രണ്ട് മാസം വീതം ഉപയോഗിക്കുന്ന വൈദ്യുതിയുടെ ചാർജാണോ ഓരോ തവണയും ഈടാക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) മുൻ ഗവൺമെന്റിന്റെ കാലത്ത് എത്ര യൂണിറ്റു വരെ വൈദ്യുതി ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കളെയാണ് വൈദ്യുതി ചാർജിൽ നിന്നും ഒഴിവാക്കിയിരുന്നത് ;

(ജി) ഇപ്പോൾ എത്ര യൂണിറ്റ് വൈദ്യുതി ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കളെയാണ് വൈദ്യുതി ചാർജിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത് ;

(എച്ച്) ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്നതിന് തൊട്ടു മുമ്പ് പ്രതിമാസം മൂപ്പതോ, മൂപ്പതിൽ താഴെ യൂണിറ്റ്, 100 യൂണിറ്റ് വരെ, 200 യൂണിറ്റ് വരെ, 400 യൂണിറ്റ് വരെ, 500 യൂണിറ്റ് വരെ, 600 യൂണിറ്റ് വരെ, 600 യൂണിറ്റിന് മുകളിൽ എന്നിങ്ങനെ വൈദ്യുതി ഉപയോഗിച്ച ഗാർഹിക ഉപഭോക്താക്കൾ യൂണിറ്റിന് ശരാശരി എന്ത് തുക വൈദ്യുതി ചാർജ്ജായി നൽകണമായിരുന്നു എന്ന് വെളിപ്പെടുത്തുമോ ;

(ഐ) ഇപ്പോൾ രണ്ട് മാസം കൊണ്ട്, അറുപതോ അറുപതിൽ കുറവോ യൂണിറ്റ്, 100 യൂണിറ്റ് വരെ, 200 യൂണിറ്റ് വരെ, 300 യൂണിറ്റ് വരെ, 400 യൂണിറ്റ് വരെ, 500 യൂണിറ്റ് വരെ, 600 യൂണിറ്റ് വരെ, 600 യൂണിറ്റിനു മുകളിൽ എന്നിങ്ങനെ വൈദ്യുതി ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കൾ ഒരു യൂണിറ്റ് വൈദ്യുതിക്ക് ശരാശരി എന്ത് തുക വൈദ്യുതി ചാർജ്ജായി നൽകണമെന്ന് വെളിപ്പെടുത്തുമോ ;

(ജെ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്നതിനു മുമ്പ് ഗാർഹിക ഉപഭോക്താക്കൾ ഒരു മാസം ഫിക്സഡ് ചാർജ്ജിനത്തിൽ എന്തു തുക അടയ്ക്കണമായിരുന്നു ;

LIBRARY ARCHIVES Kerala Legislative Assembly

(കെ) ഇപ്പോൾ ഫിക്സഡ് ചാർജിനത്തിൽ ഓരോ പ്രാവശ്യവും അടയ്ക്കേണ്ട തുക എത്രയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉപഭോഗത്തിന്റെ ഏറ്റക്കുറച്ചിലനുസരിച്ച് വ്യത്യസ്തമായ താരിഫാണ് നിശ്ചയിച്ചിരുന്നത്. ഇതു സംബന്ധിച്ച് ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി വച്ചിരിക്കുന്നു.*

(ബി) താരിഫ് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി വയ്ക്കുന്നു.*

(സി) അല്ല. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് ചില സെക്ഷനുകളിൽ ദ്വൈമാസത്തിൽ ബില്ല് നൽകുന്ന സ്പോട്ട് ബില്ലിംഗ് സമ്പ്രദായവും സെൽഫ് മീറ്റർ റീഡിംഗ് സമ്പ്രദായവും ഉണ്ടായിരുന്നു. എന്നാൽ കൂടുതൽ സെക്ഷനുകളിൽ സ്ലാബ്/ പൊവിഷണൽ കാർഡ് സമ്പ്രദായമാണ് നിലവിലുണ്ടായിരുന്നത്.

(ഡി) 1997-ൽ ബ്ലോക്ക് സമ്പ്രദായം നിർത്തലാക്കുകയും പ്രൊവിഷണൽ ഇൻവോയിസ് കാർഡ് സിസ്റ്റം നടപ്പിലാക്കുകയും ചെയ്തു. ആറു മാസത്തിൽ ഒരിക്കൽ ബോർഡ് ഉദ്യോഗസ്ഥർ റീഡിംഗ് എടുത്ത് അധിക ഉപഭോഗത്തിന് ബിൽ കൊടുത്തിരുന്നു. കൂടാതെ, 47 സെക്ഷനുകളിൽകൂടി 1997-ൽ സ്പോട്ട് ബില്ലിംഗ് വ്യാപിപ്പിച്ചു. 1-6-2000 മുതൽ മുൻസിപ്പാലിറ്റികളിലുള്ള 168 സെക്ഷനുകളിൽക്കൂടി സ്പോട്ട് ബില്ലിംഗ് വ്യാപിപ്പിച്ചു. 1-8-2000 മുതൽ കൊല്ലം, പെരുമ്പാവൂർ, ബാലുശ്ശേരി എന്നീ പൈലറ്റ് ഡിവിഷനുകളിലെ 19 സെക്ഷനുകളിലേയ്ക്കും സ്പോട്ട് ബില്ലിംഗ് വ്യാപിപ്പിക്കുന്നതാണ്.

(ഇ) സ്പോട്ട് ബില്ലിംഗ് സമ്പ്രദായത്തിൽ ഗാർഹിക ഉപഭോക്താക്കൾ രണ്ട് മാസത്തിലെ ഉപഭോഗത്തിനാണ് രണ്ട് മാസത്തിലൊരിക്കൽ ബിൽ അടയ്ക്കേണ്ടത്.

(എഫ്) 20 യൂണിറ്റുവരെ ശരാശരി പ്രതിമാസ ഉപഭോഗം ഉള്ള ഉപഭോക്താക്കളെയാണ് മുൻ സർക്കാരിന്റെ കാലത്ത് വൈദ്യുത ചാർജ്ജിൽ നിന്നും ഒഴിവാക്കിയിരുന്നത്.

(ജി) 20 യൂണിറ്റ് വരെ പ്രതിമാസ ശരാശരി ഉപഭോഗം ഉള്ളതും, 500 വാട്സിൽ കവിയാത്ത കണക്ടഡ് ലോഡുള്ളതുമായ ഗാർഹിക ഉപഭോക്താക്കളെയാണ് ഇപ്പോൾ വൈദ്യുതി ചാർജ്ജിൽ നിന്നും ഒഴിവാക്കിയിരിക്കുന്നത്.

(എച്ച്) ഇതു സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി വയ്ക്കുന്നു.*

(ഐ) 60-ഓ. 60 യൂണിറ്റിൽ കൂറവോ 70പൈ/യൂണിറ്റ്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

100 യൂണിറ്റ് വരെ

ആദ്യം 80 യൂ.	70 പൈ./യൂണിറ്റ്
അടുത്ത 20 യൂ.	110 പൈ./യൂണിറ്റ്

200 യൂണിറ്റ് വരെ

ആദ്യം 20 യൂ. ന്	70 പൈ./യൂണിറ്റ്
അടുത്ത 80 യൂ.ന്	110 പൈ./യൂണിറ്റ്
ബാക്കി 40 യൂ.ന്	130 പൈ./യൂണിറ്റ്

300 യൂണിറ്റ് വരെ

ആദ്യം 80 യൂ. ന്	70 പൈ./യൂണിറ്റ്
അടുത്ത 80 യൂ.ന്	110 പൈ./യൂണിറ്റ്
അടുത്ത 80 യൂ.ന്	130 പൈ./യൂണിറ്റ്
ബാക്കി 60 യൂ.ന്	160 പൈ./യൂണിറ്റ്

400 യൂണിറ്റ് വരെ

ആദ്യം 80 യൂ. ന്	70 പൈ./യൂണിറ്റ്
അടുത്ത 80 യൂ.ന്	110 പൈ./യൂണിറ്റ്
അടുത്ത 80 യൂ.ന്	130 പൈ./യൂണിറ്റ്
അടുത്ത 60 യൂ.ന്	160 പൈ./യൂണിറ്റ്
ബാക്കി 100 യൂ.ന്	210 പൈ./യൂണിറ്റ്

500 യൂണിറ്റ് വരെ

ആദ്യം 80 യൂ. ന്	70 പൈ./യൂണിറ്റ്
അടുത്ത 80 യൂ.ന്	110 പൈ./യൂണിറ്റ്
അടുത്ത 80 യൂ.ന്	130 പൈ./യൂണിറ്റ്
അടുത്ത 60 യൂ.ന്	160 പൈ./യൂണിറ്റ്
അടുത്ത 100 യൂ.ന്	210 പൈ./യൂണിറ്റ്
ബാക്കി 100 യൂ.ന്	265 പൈ./യൂണിറ്റ്

600 യൂണിറ്റ് വരെ

ആദ്യം 80 യൂ. ന്	70 പൈ./യൂണിറ്റ്
അടുത്ത 80 യൂ.ന്	110 പൈ./യൂണിറ്റ്

അടുത്ത 80 യൂ.ന് 130 പൈ./യൂണിറ്റ്

അടുത്ത 60 യൂ.ന് 160 പൈ./യൂണിറ്റ്

അടുത്ത 100 യൂ.ന് 210 പൈ./യൂണിറ്റ്

ബാക്കി 200 യൂ.ന് 265 പൈ./യൂണിറ്റ്

600 യൂണിറ്റ് മുകളിൽ

ആദ്യം 80 യൂ. ന് 70 പൈ./യൂണിറ്റ്

അടുത്ത 80 യൂ.ന് 110 പൈ./യൂണിറ്റ്

അടുത്ത 80 യൂ.ന് 130 പൈ./യൂണിറ്റ്

അടുത്ത 60 യൂ.ന് 160 പൈ./യൂണിറ്റ്

അടുത്ത 100 യൂ.ന് 210 പൈ./യൂണിറ്റ്

ബാക്കി 200 യൂ.ന് 265 പൈ./യൂണിറ്റ്

600 ന് മുകളിൽ 1000 യൂ.വരെ - 345 പൈ./യൂണിറ്റ്

1000 യൂ. മുകളിൽ - 355 പൈ./യൂണിറ്റ്

(ജെ&കെ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്നതിന് മുമ്പും അതിനുശേഷവും ഗാർഹിക ഉപഭോക്താക്കൾക്ക് ഫിക്സഡ് ചാർജ്ജ് ബാധകമായിരുന്നില്ല.

പള്ളിവാസൽ, പന്നിയാർ, ചെങ്കുളം ജലവൈദ്യുത പദ്ധതി

126 (899) ശ്രീ. ടി. എം. ജേക്കബ് :
ശ്രീമതി. കെ. ആർ. ഗൗരിയമ്മ :
പ്രൊഫ. എ. വി. താമരാക്ഷൻ :
ശ്രീ. ബാബു ദിവാകരൻ :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പള്ളിവാസൽ, പന്നിയാർ, ചെങ്കുളം എന്നീ ജലവൈദ്യുത പദ്ധതികളുടെ നവീകരണ ജോലികളെ സംബന്ധിച്ച് ധാരണാപത്രം എന്നാണ് ഒപ്പ് വച്ചതെന്ന് വെളിപ്പെടുത്തുമോ ; ഇതു സംബന്ധിച്ച് ധാരണാ പത്രത്തിന്റെ കോപ്പി മേശപ്പുറത്ത് വയ്ക്കാമോ ;

(ബി) പ്രസ്തുത ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിൽ കാനഡയിലെ എസ്.എൻ.സി ലാവലിൻ കമ്പനിയുമായി കരാറുകൾ ഉണ്ടാക്കിയത് ഏതെല്ലാം തീയതികളിലാണ് ;

(സി). പ്രസ്തുത കരാറുകളുടെ കോപ്പി മേശപ്പുറത്തു വയ്ക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly